നം. സി.ഇ.ഇ/1515/2011/കെഇഎഎം-2012/റ്റി.എ.1



കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## MBBS/BDS/Ayurveda കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അവസാന ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

MBBS/BDS കോഴ്സുകളിലെ സർക്കാർ / സർക്കാർ നിയന്ത്രിത കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കും, ആയുർവ്വേദ കോഴ്സിന് നിലവിലുള്ള ഒഴിവിലേക്കുമുള്ള അവസാന ഘട്ട അലോട്ട്മെന്റ് **27.09.2012 ന്** പ്രസിദ്ധീകരിച്ചു.

ഈ അലോട്ടുമെന്റ് പ്രകാരം പുതുതായി അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ/ കോളേജ് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **സെപ്റ്റംബർ 27,28 തീയതികളിൽ** ഫീസ്/ബാക്കി ഫീസ് ഒടുക്കി **സെപ്റ്റംബർ 27, 28 തീയതികളിൽ** തന്നെ അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. കോളേജ് പ്രിൻസിപ്പൽമാർ **28.09.2012 വൈകുന്നേരം 5.30 ന്** നോൺജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിലും **155300, 0471-2115054, 2115098, 2335523** എന്നീ സിറ്റിസൺ കാൾസെന്റർ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
27.09.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**